**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1056** **29-06-2026-ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പൂഞ്ഞാർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ വിശദമാക്കാമോ;

**മറുപടി:** പൂഞ്ഞാർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**(ബി)** ഇടക്കുന്നം ഗവ. ഹയർസെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം, കുഴിമാവ് ഗവ. ഹൈസ്കൂൾ കെട്ടിട നിർമ്മാണം, ഈരാറ്റുപേട്ടയിൽ ബി. ആർ. സിയ്ക്ക് പുതിയ കെട്ടിട നിർമ്മാണം, തുമരംപാറ ഗവ. എൽ. പി. സ്കൂളിലെ പുതിയ കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

**മറുപടി:** 1.ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഇടക്കുന്നം

ഫൗണ്ടേഷൻ ജോലികൾ നടന്നുവരുന്നു.

2. ഗവൺമെന്റ് എച്ച്.എസ്.എസ്, കുഴിമാവ്

ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായി. തുടർ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

3. ബി.ആർ.സി, ഈരാറ്റുപേട്ട

പ്ലാൻ പൊതുമരാമത്ത് വകുപ്പിൽ നൽകുകയും ഫീസിബിലിറ്റി റിപ്പോർട്ടിനായി അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്.

4. ഗവൺമെന്റ് എൽ പി സ്കൂൾ തുമരംപാറ

പില്ലറുകൾ പൂർത്തിയായി വരുന്നു

**(സി)** പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു വിശദമാക്കാമോ?

**മറുപടി:** നിർമ്മാണ പ്രവർത്തികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ നിർവഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം | സ്കൂളിന്റെ പേര് | തുക (ലക്ഷത്തിൽ) | പദ്ധതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ജി.എൽ.പി.എസ്. പൂഞ്ഞാർ | 50(PWD) + 100(LSGD) = 150 | പ്ലാൻ ഫണ്ട് | കെട്ടിട നിർമ്മാണം പൂർത്തിയായി |
| 2 | ജി.എം.എൽ.പി.എസ്. ഈരാറ്റുപേട്ട | 130 | പ്ലാൻ ഫണ്ട് | നിർമ്മാണ പ്രവർത്തികൾ പൂർത്തിയായി |
| 3 | ഗവ. ട്രൈബൽ എൽ.പി. സ്കൂൾ തുമരംപാറ, എരുമേലി | 100 | പ്ലാൻ ഫണ്ട് | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 4 | ജി.എച്ച്.എസ്.എസ്. മുരുക്കുംവയൽ | 500 | കിഫ്ബി ഫണ്ട് | നിർമ്മാണം പൂർത്തിയായി |
| 5 | ജി.എച്ച്.എസ്.എസ്. ഈരാറ്റുപേട്ട | 100 | കിഫ്ബി ഫണ്ട് | നിർമ്മാണം പൂർത്തിയായി |
| 6 | ജി.എച്ച്.എസ്.എസ് ഇടക്കുന്നം | 200 | പ്ലാൻ ഫണ്ട് | നിർമ്മാണം നടന്നുവരുന്നു |
| 7. | ജി.വി.എച്ച്.എസ്.എസ്, തിടനാട് | 50 | പ്ലാൻ ഫണ്ട് | നിർമ്മാണം ആരംഭിച്ചിട്ടില്ല |